Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/ 2024/ 1275(6) തീയതി: 13.08.2024

## സർക്കുലർ

**വിഷയം :-** **പൊതുവിദ്യാഭ്യാസം - കേരള സ്കൂൾ ശാസ്ത്രോത്സവം - ഐ.ടി. മേള 2024 - സ്കൂൾ, ഉപജില്ല, റവന്യൂതല ഐ.ടി ക്വിസ് നടത്തിപ്പ് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന : G.O.(MS) No. 143/ 2018/ പൊ.വി.വ തീയതി 06.10.2018.

കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ ഭാഗമായുള്ള ഐ.ടി. മേളയിൽ സ്കൂൾ, ഉപജില്ല, റവന്യൂ ജില്ല, സംസ്ഥാനതലങ്ങളിൽ ഐ.ടി ക്വിസ് മത്സരങ്ങൾ സംസ്ഥാന തലത്തിൽ കൈറ്റ് തയ്യാറാക്കുന്ന പൊതുചോദ്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നടത്തുക എന്നും ഇതിന്റെ സമയവും തീയതിയും ഓരോ വർഷവും കൈറ്റ് തീരുമാനിച്ച് പ്രസിദ്ധപ്പെടുത്തുന്നതാണെന്നും സൂചന പ്രകാരം പരിഷ്കരിച്ച കേരള സ്കൂൾ ശാസ്ത്രോത്സവ മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷത്തെ സ്കൂൾ, ഉപജില്ല, റവന്യൂ ജില്ലാതലങ്ങളിൽ ഐ.ടി ക്വിസ് മത്സരങ്ങൾ താഴെപ്പറയുന്ന ഷെഡ്യൂൾ പ്രകാരം നടത്തേണ്ടതാണ്. എല്ലാ തലങ്ങളിലും പ്രസ്തുത ഷെഡ്യൂൾ പ്രകാരം ഐ.ടി ക്വിസ് മത്സരം നടക്കുന്നു എന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്. അതത് വിദ്യാഭ്യാസ ഓഫീസർമാർ ഇത് പരിശോധിക്കുന്നതിന് ക്രമീകരണം ഒരുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

| | | |
|---|---|---|
| സ്കൂൾ തലം | 2024 ആഗസ്റ്റ് 30 | യു.പി. വിഭാഗം രാവിലെ 10.00 മുതൽ<br>എച്ച്.എസ്. വിഭാഗം രാവിലെ 11.00 മുതൽ<br>എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിഭാഗം ഉച്ചയ്ക്ക് 02.00 മുതൽ |
| ഉപജില്ലാ തലം | 2024 സെപ്റ്റംബർ 24 | യു.പി വിഭാഗം രാവിലെ 10.00 മുതൽ<br>എച്ച്.എസ്. വിഭാഗം ഉച്ചയ്ക്ക് 12.00 മുതൽ<br>എച്ച് .എസ്.എസ്/വി.എച്ച്.എസ്.എസ് വിഭാഗം ഉച്ചയ്ക്ക് 02.30 മുതൽ |
| ജില്ലാ തലം | 2024 സെപ്റ്റംബർ 30 | എച്ച്.എസ്. വിഭാഗം രാവിലെ 10.30 മുതൽ<br>എച്ച്.എസ്.എസ്/വി.എച്ച്.എസ്.എസ് വിഭാഗം ഉച്ചയ്ക്ക് 02.30 മുതൽ |

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

എല്ലാ ഡി.ഡി.ഇ/ ആർ.ഡി.ഡി (എച്ച്.എസ്.ഇ)/ എ.ഡി. (വി.എച്ച്.എസ്.ഇ.)മാർക്കും

എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർമാർക്കും

എല്ലാ അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി-സ്കൂൾ പ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

സ്റ്റോക്ക് ഫയൽ